ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസം – സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രബ്യൂണൽ ഉത്തരവ് പരിഗണിച്ച് ഫിറ്റിംഗ് വിഭാഗം തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ട്രേഡ് ഇൻസ്ട്രക്ടർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം **2026** പുനഃപരിശോധിച്ച് ഉത്തരവാകുന്നു

ജീവനക്കാര്യം (ഇബി2) വിഭാഗം

നം. DTETVM/8359/2026-EB2 (EB) തീയതി: **13-10-2026**

പരാമർശം:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള **21/08/2026** ലെ **DTETVM/2823/2026-EB2 (EB) നമ്പർ ഉത്തരവ്**

2. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നുള്ള **08/09/2026** ലെ **1739/2026** നമ്പർ ഉത്തരവ്.

ഉത്തരവ്

ഈ വകുപ്പിന് കീഴിലെ ഫിറ്റിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ **2026** പൊതുസ്ഥലം മാറ്റ അന്തിമ പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിൽ, പുനലൂർ സർക്കാർ പോളിടെക്നിക് കോളേജിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സത്താർ ജെ, മേജർ ശസ്ത്രക്രിയക്ക് വിധേയനായതിനാൽ ടിയാൻറെ ശാരീരിക അവശതകൾ കണക്കിലെടുത്താണ് അപേക്ഷ പ്രകാരം, അടൂർ സർക്കാർ പോളിടെക്നിക് കോളേജിലേക്ക് സ്ഥലംമാറ്റം അനുവദിച്ചത്. ഇക്കാരണത്താൽ , അടൂർ സർക്കാർ പോളിടെക്നിക് കോളേജിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പുഷ്പ കുമാർ പണിക്കരെ ഒഴിവുണ്ടായിരുന്ന പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലേക്ക് സ്ഥലംമാറ്റം നല്കി നിയമിക്കുകയും ചെയ്തു.

ശ്രീ. പുഷ്പ കുമാർ പണിക്കർ ഫയൽ ചെയ്ത കേസിൽ, ടിയാന് പുനലൂർ പോളിടെക്നിക് കോളേജിലോ സമീപ ജില്ലകളിലോ സ്ഥലംമാറ്റം അനുവദിയക്കണെമന്നുള്ള അപേക്ഷ പരിഗണിയ്ക്കണമെന്ന് പരാമർശം (2) പ്രകാരം ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിർദ്ദേശിച്ചിരിയ്ക്കുന്നത്. എന്നാൽ

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിലവിൽ ഒഴിവില്ലാത്തതിനാലും നിലവിൽ ഒഴിവുള്ള പുനലൂർ സർക്കാർ പോളിടെക്നിക് കോളേജിലെ ഫിറ്റിംഗ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക പാലാ സർക്കാർ പോളിടെക്നിക് കോളേജിലേക്ക് സ്ഥിരമായി പുനർവ്യന്യസിച്ച് ഉത്തരവായിട്ടുള്ളതിനാലും, ഈ കാര്യാലയത്തിൽ നിന്നുള്ള **21/08/2026**, തീയതിയിലെ **DTETVM/2823/2026-EB2 (EB)** നമ്പർ ഉത്തരവ് നിലനിർത്തി, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിൽവരുത്തി ഉത്തരവാകുന്നു.

Digitally signed by
Savier J S
Date: 13-10-2026
15:46:56

#ApprovedByName#
#ApprovedByDesignation#

സ്വീകർത്താവ്,

1. പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, ചിറ്റൂർ പാലക്കാട്
   ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
2.
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി